REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-09-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സമ്പൽസമൃദ്ധിയുടെ ഓർമ്മ പുതുക്കി മലയാളികൾ ഇന്ന് തിരുവോണം ആഘോഷിക്കുന്നു.**
- **തിരുവോണ ആശംസ നേർന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെയും പാരമ്പര്യത്തിന്റെയും സവിശേഷ ഉദാഹരണമാണ് ഓണമെന്ന് രാഷ്ട്രപതി.**
- **GST പരിഷ്കരണം രാജ്യത്തിന് ഇരട്ടി പിന്തുണയും വളർച്ചയും നൽകുന്നുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **ഇന്ന് നബിദിനം. പ്രവാചകൻ മുഹമ്മദ് നബിയുടെ 1500-ാമത് ജന്മദിനത്തിൽ വിപുലമായ ആഘോഷങ്ങൾ.**
- **കേരള ക്രിക്കറ്റ് ലീഗ് സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് തിരുവനന്തപുരത്ത്.**

## വാർത്തകൾ വിശദമായി

സമ്പൽസമൃദ്ധിയുടെ ഓർമ്മ പുതുക്കി മലയാളികൾ ഇന്ന് തിരുവോണം ആഘോഷിക്കുന്നു. നന്മയുടെയും സ്നേഹത്തിന്റെയും പൂക്കളം തീർത്ത് ലോകമെമ്പാടുമുള്ള മലയാളികൾ തിരുവോണത്തെ വരവേൽക്കുകയാണ്.

.........വോയ്സ്........

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു മലയാളികൾക്ക് ഓണാശംസകൾ നേർന്നു. കേരളത്തിന്റെ സമ്പന്നമായി സാംസ്കാരിക പൈതൃകത്തിന്റെയും

പാരമ്പര്യത്തിന്റെയും സവിശേഷ ഉദാഹരണമാണ് ഓണമെന്ന് രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ഓണസങ്കല്പം മുന്നോട്ടുവെക്കുന്നതിനേക്കാൾ സമൃദ്ധിയും സമത്വവും സന്തോഷവും നിറഞ്ഞ കേരളമായിരിക്കണം നമ്മുടെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

ലോകമെമ്പാടുമുള്ള മലയാളികൾക്ക് മുഖ്യമന്ത്രി തിരുവോണാശംസകൾ നേർന്നു. ഭേദചിന്തകളൊന്നുമില്ലാതെ വിശാലമായ മനുഷ്യസ്നേഹം നെഞ്ചോടു ചേർത്തും പരസ്പരംസ്നേഹം പങ്കുവച്ചും സമഭാവനയും സാഹോദര്യവും പകരുന്ന ആനന്ദം നാമോരോരുത്തരും അനുഭവിച്ചറിയുന്നതായി പിണറായി വിജയൻ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ഓണം സമൃദ്ധമാക്കാൻ വിപണിയിൽ സജീവമായി ഇടപെട്ട സപ്ലൈകോയുടെയും പൊതുവിതരണ വകുപ്പിന്റെയും പ്രവർത്തനങ്ങളിൽ മന്ത്രി GR. അനിൽ സംതൃപ്തി പ്രകടിപ്പിച്ചു. കരാർ തൊഴിലാളികളുൾപ്പെടെ മുഴുവൻ ജീവനക്കാരെയും അഭിനന്ദിക്കുന്നതായി മന്ത്രി പറഞ്ഞു.

ഇന്നലെ വരെ 56 ലക്ഷത്തിലധികം ഉപഭോക്താക്കൾ സപ്ലൈകോ വിൽപന ശാലകൾ സന്ദർശിച്ചു. വിറ്റുവരവായ 385 കോടിയിൽ 180 കോടി രൂപ സബ്സിഡി സാധനങ്ങളുടെ വിൽപനയിലൂടെയാണ് ലഭിച്ചതെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ രണ്ടേകാൽ കോടിയോളം ജനങ്ങൾക്ക് നേരിട്ട് ഇതിന്റെ പ്രയോജനം ലഭിച്ചതായും GR. അനിൽ അറിയിച്ചു.

✪✪✪

കൺസ്യൂമർ ഫെഡിന്റെ ഓണചന്തകളിൽ കോഴിക്കോട് ജില്ലയിൽ റെക്കോർഡ് വില്പന. ഉത്രാടദിനം വരെ 17 കോടിയോളം രൂപയുടെ വില്പന നടന്നു. മുൻവർഷത്തേതിൽ നിന്ന് വ്യത്യസ്തമായി ഇത്തവണ 10 ദിവസം പ്രവർത്തിക്കും. സബ്സിഡിയോടെ 13 ഇനങ്ങളും മറ്റ്നിത്യോപയോഗ സാധനങ്ങളുമാണ് ഓണച്ചന്തകളിലൂടെ വിതരണം ചെയ്യുന്നത്.

കൺസ്യൂമർ ഫെഡിന് പുറമെ സഹകരണവകുപ്പിന് കീഴിൽ വിവിധ സൊസൈറ്റികളും ത്രിവേണി സൂപ്പർമാർക്കറ്റുകളും ഓണച്ചന്തകൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ആറന്മുള പാർഥസാരഥിക്ക് തിരുവോണസദ്യയുണ്ണാൻ വിഭവങ്ങളുമായി ആചാരനിറവിൽ തിരുവോണത്തോണി ആറന്മുള മധുക്കടവിൽ എത്തി. തിരുവോണദിനമായ ഇന്ന് ആറന്മുളയിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ശ്രിജി എസ് ശ്രീധർ...

..........വോയ്സ്.......

കാട്ടൂർ മഹാവിഷ്ണു ക്ഷേത്രത്തിൽ നിന്നും ഇന്നലെ വൈകിട്ടു പുറപ്പെട്ട തോണി ഇന്നു പുലർച്ചെയാണ് ആറന്മുള ക്ഷേത്രക്കടവിൽ എത്തിയത്. പാർഥസാരഥിക്ക് തിരുവോണ സദ്യയുണ്ണാൻ വിഭവങ്ങളുമായെത്തിയ തോണിയെയും അകമ്പടി പള്ളിയോടങ്ങളെയും ആചാരപൂർവം വഞ്ചിപ്പാട്ടുപാടിയാണ് സ്വീകരിച്ചത്. കാട്ടൂർ മഹാവിഷ്ണുക്ഷേത്രത്തിൽ നിന്ന് എത്തിച്ച കെടാവിളക്കിലെ ദീപത്തോടൊപ്പം ചോതി അളവിൽ അളന്നനെല്ലു കുത്തിയ അരയും സദ്യക്കുള്ള മറ്റുവിഭവങ്ങളുമായെത്തിയ മങ്ങാട്ട് ഇല്ലം അനൂപ് ഭട്ടതിരിയും സംഘവും വിഭവങ്ങൾ ക്ഷേത്രത്തിൽ എത്തിച്ച് ആറന്മുള ഭഗവാന് ഓണ സദ്യ ഒരുക്കും. തുടർന്ന് ഭഗവാനും ഭട്ടതിരിയും ഒരുമിച്ചിരുന്ന് സദ്യയുണ്ണും എന്നാണ് വിശ്വാസം.

അത്താഴ പൂജ കഴിഞ്ഞ് ക്ഷേത്രപൂജാരിയിൽ നിന്ന് പണക്കിഴി ഏറ്റുവാങ്ങി അത് ക്ഷേത്ര ഭണ്ഡാരത്തിൽ നിക്ഷേപിച്ച് മങ്ങാട്ട് ഭട്ടതിരി തിരുവോണത്തോണിയിലല്ലാതെ മടങ്ങുന്നതോടെയാണ് ചടങ്ങുകൾക്ക് സമാപനമാകുന്നത്.

✪✪✪

GST 2.0 രാജ്യത്തിന് ഇരട്ടി പിന്തുണയും വളർച്ചയും നൽകുന്നുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. നിലവിൽ GST ഏറെ ലളിതമാണെന്നും കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന GST പരിഷ്കാരങ്ങൾ മധ്യവർഗത്തിനും നവമധ്യവർഗത്തിനും ദരിദ്രർക്കും യുവജനതക്കും സ്ത്രീകൾക്കും ഏറെ പ്രയോജനകരമാണെന്നും പ്രധാനമന്ത്രി ന്യൂഡൽഹിയിൽ പറഞ്ഞു. സമയബന്ധിതമായ മാറ്റങ്ങളില്ലാതെ ഇന്നത്തെ ആഗോള സാഹചര്യത്തിൽ ഇന്ത്യക്ക് ശരിയായ സ്ഥാനം ലഭിക്കില്ലെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

അടുത്ത തലമുറ GST പരിഷ്കാരങ്ങൾ രാജ്യത്തിന് ഊർജം പകരുമെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് പറഞ്ഞു. ഹരിത ഇന്ത്യക്ക് GST പരിഷ്കാരങ്ങൾ ഏറെ പ്രയോജനകരമാണെന്നും ശുദ്ധവും ഹരിതവുമായ ഊർജ ഉപയോഗം, മാലിന്യ സംസ്കരണം മെച്ചപ്പെടുത്തൽ, സാമ്പത്തിക സന്തുലിതാവസ്ഥ

നിലനിർത്തൽ തുടങ്ങിയവയിൽ സഹായകരമാകുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

പാരിസ് ഉടമ്പടി പ്രകാരം ഇന്ത്യയുടെ നെറ്റ് സീറോ 2070 ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് സൗരോർജ്ജം, കാറ്റ്, മാലിന്യം എന്നിവയിൽ നിന്ന് ഊർജോൽപാദന പദ്ധതികൾ സ്ഥിരമായി സ്വീകരിക്കുന്നത് നിർണായകമാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

നികുതി ഘടന ലളിതമാക്കുന്നത് ഇടപാടുകൾ എളുപ്പമാക്കുമെന്ന് വരും തലമുറ ജി.എസ്.ടി പരിഷ്കാരങ്ങളെ സ്വാഗതം ചെയ്ത് വ്യവസായ സംഘടനങ്ങൾ വ്യക്തമാക്കി. ജി.എസ്.ടി പരിഷ്കാരങ്ങളിൽ ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായം സന്തുഷ്ടരാണെന്ന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ടെക്സ്റ്റൈൽ ഇൻഡസ്ട്രി സെക്രട്ടറി ജനറൽ ചന്ദ്രിമ ചാറ്റർജി പറഞ്ഞു.

✪✪✪

ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ദേശീയതലത്തിൽ നടത്തിയ പൊതുവിതരണ പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായ അവലോകന റിപ്പോർട്ട് കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷിക്ക് സമർപ്പിച്ചു. രാജ്യത്തെ 112 അഭിലാഷ ജില്ലകളിലായാണ് വിലയിരുത്തൽ നടത്തിയത്. സംഭരണം, ശേഖരണം, പരാതി പരിഹാരം എന്നിവയുൾപ്പെടെ പൊതുവിതരണ സംവിധാനത്തിന്റെ പ്രധാന വശങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ് അവലോകനത്തിന്റെ ലക്ഷ്യം. സേവന വിതരണം ശക്തിപ്പെടുത്താനും പ്രാദേശിക അവബോധ പ്രവർത്തനങ്ങൾ ആരംഭിക്കാനും റിപ്പോർട്ട് സഹായകരമാകുമെന്ന് ഭക്ഷ്യ-പൊതുവിതരണ മന്ത്രാലയം അറിയിച്ചു.

✪✪✪

വിദേശകാര്യമന്ത്രി ഡോ.S ജയ്ശങ്കർ ഉക്രെയ്ൻ വിദേശകാര്യമന്ത്രി ആൻഡ്രി സിബിഹയുമായി ഫോണിൽ സംസാരിച്ചു. ഉക്രെയിൻ സംഘർഷവും ഉഭയകക്ഷി സഹകരണവും ചർച്ച ചെയ്തതായി ജയ്ശങ്കർ സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു. സംഘർഷം അവസാനിപ്പിച്ച് സമാധാനം പുനസ്ഥാപിക്കുന്നതിന് ഇന്ത്യയുടെ പിന്തുണ വാഗ്ദാനം ചെയ്തതായും ജയ്ശങ്കർ പറഞ്ഞു.

✪✪✪

റോഡ് സുരക്ഷയെക്കുറിച്ച് പ്രാദേശിക ഭാഷകളിൽ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുക എന്നത് ഉത്തരവാദിത്തമുള്ള പൗരന്മാരെ വളർത്തിയെടുക്കുന്നതിന് പ്രധാന ചുവടുവയ്പ്പാണെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. സ്കൂൾ, കോളേജ് പാഠ്യപദ്ധതിയിൽ എല്ലാ പ്രാദേശിക ഭാഷകളിലും റോഡ് സുരക്ഷാ പാഠങ്ങൾ സംയോജിപ്പിക്കുന്നതിന് വിദ്യാഭ്യാസ മന്ത്രാലയവുമായി സഹകരിക്കുന്നതായും ഗഡ്കരി പറഞ്ഞു.

രാജ്യത്തെ റോഡപകട മരണങ്ങളിൽ 66 ശതമാനവും 18 നും 45 നും ഇടയിൽ പ്രായമുള്ളവരാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

✪✪✪

ഇന്ന് നബിദിനം. പ്രവാചകൻ മുഹമ്മദ് നബിയുടെ 1500-ാമത് ജന്മദിനത്തിൽ ഇത്തവണ അതി വിപുലമായ പരിപാടികളോടെയാണ് നബിദിനം ആഘോഷിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്....

.......വോയ്സ്.......

ഹിജ്റ കലണ്ടർ പ്രകാരം റബീഉൽ അവ്വൽ മാസം 12 നാണ് നബിദിനം ആഘോഷിക്കുന്നത്. മാനവിക സ്നേഹത്തിന്റെയും ധാർമികതയുടെയും പ്രവാചക സന്ദേശങ്ങൾ പ്രചരിപ്പിച്ച് ലോകമെങ്ങും നബിദിനം ആഘോഷിക്കുകയാണ്. പള്ളികളും മദ്രസകളും കേന്ദ്രീകരിച്ച് പ്രവാചക പ്രകീർത്തന മന്ത്രണങ്ങളും ആത്മീയ സദസ്സുമൊരുക്കിയാണ് ആഘോഷപരിപാടികൾ. മീലാദ് സദസ്സുകളിൽ മുഹമ്മദ് നബിയുടെ ജീവിതവും ഉപദേശങ്ങളും വിശ്വാസികൾ അനുസ്മരിക്കും. പുലർച്ചെ പള്ളികളിൽ പ്രഭാത നിസ്കാരത്തിനു മുമ്പ് മൗലിദ് സദസ്സുകൾ നടന്നു. നബിദിന ഘോഷയാത്രകളും അന്നദാനവും കുട്ടികളുടെ കലാപരിപാടികളും എല്ലായിടത്തും സംഘടിപ്പിക്കുന്നുണ്ട്.

✪✪✪

നബിദിനത്തിന്റെ ഭാഗമായി വിപുലമായ പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്. പള്ളികളും മദ്രസ്സകളും കേന്ദ്രീകരിച്ച് മൗലിദ് സദസ്സുകളും ഘോഷയാത്രകളും കലാ മത്സരങ്ങളും അന്നദാനവും നടക്കും. നബിദിനത്തിന്റെ ഭാഗമായി കാരന്തൂർ മർകസിൽ നടക്കുന്ന പ്രഭാത പ്രകീർത്തന സദസ്സിലും ബംഗളുരുവിലെ അന്താരാഷ്ട്ര മീലാദ് സമ്മേളനത്തിലും കാന്തപുരം എ പി അബൂബക്കർ മുസ്ലിയാർ പങ്കെടുക്കും.

കോഴിക്കോട് കടപ്പുറത്ത് നടക്കുന്ന നബിദിന സന്ദേശ റാലിയിൽ MK രാഘവൻ MP, അഹമ്മദ് ദേവർകോവിൽ MLA , ഹജ്ജ് കമ്മറ്റി ചെയർമാൻ അഡ്വ. ഹുസൈൻ സഖാഫി ചുള്ളിക്കോട്, തുടങ്ങിയവർ സംബന്ധിക്കും.

✪✪✪

ഇന്ന് ദേശീയ അധ്യാപക ദിനം. രാജ്യത്തെ പൗരന്മാരെ ബോധവൽക്കരിക്കുന്നതിന് അധ്യാപകർ നൽകുന്ന സംഭാവനകളെ ആദരിക്കാനാണ് എല്ലാ വർഷവും സെപ്തംബർ അഞ്ച് ദേശീയ അധ്യാപക ദിനമായി ആചരിക്കുന്നത്. ഇന്ത്യയുടെ ആദ്യ ഉപരാഷ്ട്രപതിയും രണ്ടാമത്തെ രാഷ്ട്രപതിയുമായ ഡോ.സർവേപ്പള്ളി രാധാകൃഷ്ണന്റെ ജന്മദിനമാണ് അധ്യാപക ദിനം.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

..... (വോയ്സ്)...

അടുത്ത തലമുറയിലെ പഠിതാക്കളെ പ്രചോദിപ്പിക്കുകയെന്നതാണ് ഈ വർഷത്തെ അധ്യാപക ദിനാചരണ പ്രമേയം. രാജ്യത്തെ അധ്യാപകർക്ക് രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ആശംസ നേർന്നു. സമൂഹത്തിന്റെ വഴിക്കാട്ടിയും രാഷ്ട്രത്തിന്റെ ഭാവിയുടെ ശിൽപികളുമാണ് അധ്യാപകരെന്ന് രാഷ്ട്രപതി പറഞ്ഞു. വികസിത രാഷ്ട്രമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഇന്ത്യ മുന്നോട്ട് പോകുമ്പോൾ ഉത്തരവാദിത്തവും അറിവും വൈദഗ്ധ്യവുമേറിയ പൗരന്മാരെ സൃഷ്ടിക്കുന്നതിൽ അധ്യാപകരുടെ പങ്ക് കൂടുതൽ പ്രാധാന്യമർഹിക്കുന്നതാണെന്ന് രാഷ്ട്രപതി പറഞ്ഞു. അധ്യാപകരെ ശാക്തീകരിക്കുന്നതിനും വിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് 2020-ലെ ദേശീയ വിദ്യാഭ്യാസ നയമെന്ന് ദ്രൗപതി മുർമു പറഞ്ഞു.

ശക്തമായ ഒരു രാഷ്ട്രത്തിന്റെയും ശാക്തീകരിക്കപ്പെട്ട ഒരു സമൂഹത്തിന്റെയും അടിത്തറയാണ് അധ്യാപകരെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസാ സന്ദേശത്തിൽ പറഞ്ഞു. അധ്യാപകരുടെ പ്രവർത്തനങ്ങൾ ക്ലാസ് മുറികൾക്കപ്പുറത്തേക്ക് കടന്നു ചെല്ലുന്നുവെന്നും യുവജനതയുടെ സ്വഭാവ രൂപീകരണത്തിലും ജിജ്ഞാത ഉണർത്തുന്നതിലും അധ്യാപകരുടെ പങ്ക് നിസ്തുലമാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

NIRF റാങ്കിംഗിൽ മികച്ച പ്രകടനം കാഴ്ച വെച്ച് കേരള സർവ്വകലാശാല. നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് മൂല്യ നിർണ്ണയത്തിൽ കേരള സർവ്വകലാശല രാജ്യത്ത് സ്റ്റേറ്റ് പബ്ലിക് യൂനിവേഴ്സിറ്റികളിൽ അഞ്ചാം സ്ഥാനത്തെത്തി. റാങ്കിംഗിൽ സംസ്ഥാനത്ത് ആദ്യ സ്ഥാനവും കേരള സർവ്വകലാശാലയ്ക്കാണ്. രാജ്യത്തെ സർവ്വകലാശാലകളിൽ കേരള സർവകലാശാല 25-ാം സ്ഥാനവും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 42-ാം സ്ഥാനവും കരസ്ഥമാക്കി.

അക്കാദമികമികവും ഭൗതികസാഹചര്യത്തിന്റെ തികവും ഭരണ നിർവ്വഹണ പ്രാഗൽഭ്യവും പരിഗണിച്ചാണ് റാങ്കുകൾ നിശ്ചയിച്ചത്.

✪✪✪

കേരള ക്രിക്കറ്റ് ലീഗിലെ സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് തിരുവനന്തപുരത്ത് നടക്കും. ഉച്ചയ്ക്ക് രണ്ടരയ്ക്ക് ആദ്യ സെമിയിൽ തൃശൂർ ടൈറ്റൻസ്, കൊല്ലം സെയിലേഴ്സിനെ നേരിടും. വൈകിട്ട് 6.45ന് രണ്ടാം സെമിയിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ്, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസുമായി ഏറ്റുമുട്ടും.

ഇന്നലെ ലീഗ് ഘട്ടത്തിലെ അവസാന മത്സരത്തിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ തൃശൂർ ടൈറ്റൻസ് നാല് വിക്കറ്റിന് പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ ആലപ്പി റിപ്പിൾസിനെ കൊല്ലം സെയിലേഴ്സും നാല് വിക്കറ്റിന് തോൽപ്പിച്ചു.

✪✪✪

*News Editor & Reader സിയാബ്*
*NRTs: ഫസ്ന ഫാത്തിമ, സാലിം*
*DEO: സി കെ സുബോധ്*